**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 644** **06-12-2022 - ൽ മറുപടിയ്ക്ക്**

**പുതു തലമുറ വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പുതു തലമുറ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എത്ര പുതു സംരംഭകരാണ് അപേക്ഷ നൽകിയിട്ടുള്ളത്; ജില്ല തിരിച്ച് കണക്കുകൾ നൽകാമോ; | (എ) | വിവിധ ജില്ലാവ്യവസായ കേന്ദ്രങ്ങളിൽ നിന്നുള്ള കണക്കുകൾ പ്രകാരം 2022 ഏപ്രിൽ 1 മുതൽ ഇതു വരെ പുതു തലമുറ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ആകെ 160 പുതു സംരംഭകരാണ് അപേക്ഷ നൽകിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ പറയുന്നു. |
| (ബി) | ഇത്തരം സംരംഭകർക്ക് വകുപ്പ് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് വിശദമാക്കാമോ? | (ബി) | പുതു തലമുറ വ്യവസായ സംരംഭങ്ങൾ ഉൾപ്പെടെയുള്ള സംരംഭങ്ങൾ ആരംഭിക്കുന്ന പുതു സംരംഭകർക്ക് താഴെപ്പറയുന്ന വിവിധ ധനസഹായ പദ്ധതികൾ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കി വരുന്നുണ്ട്. |

| ക്രമ. നം | ജില്ല | പുതു സംരംഭകരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 13 |
| 2 | കൊല്ലം | 14 |
| 3 | പത്തനംതിട്ട | 13 |
| 4 | ആലപ്പുഴ | 8 |
| 5 | കോട്ടയം | 3 |
| 6 | ഇടുക്കി | 6 |
| 7 | എറണാകുളം | 27 |
| 8 | തൃശ്ശൂർ | 24 |
| 9 | പാലക്കാട് | 8 |
| 10 | മലപ്പുറം | 8 |
| 11 | കോഴിക്കോട് | 4 |
| 12 | വയനാട് | 4 |
| 13 | കണ്ണൂർ | 24 |
| 14 | കാസർഗോഡ് | 4 |
| | ആകെ | **160** |

1. സംരംഭക സഹായ പദ്ധതി (ESS)

2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്

4. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി

5. സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി

6. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

7. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി

8. നിലവിലുള്ള എം എസ് എം ഇ - കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള (സ്കെയിലിംഗ് അപ്) സഹായം

9. നിലവിലുള്ള എം എസ് എം ഇ-കൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനുള്ള സഹായം.

10. ഒരു കുടുംബം ഒരു സംരംഭം പദ്ധതി

11. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായം

12. സംസ്ഥാന ക്ലസ്റ്റർ വികസന പരിപാടി

കൂടാതെ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫെഷണൽ യോഗ്യതയുള്ള1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെല്പ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാകുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് സംരംഭകരുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എംഎസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ, ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിച്ച് പ്രവർത്തനം നടന്നു വരുന്നു. ഈ സൗകര്യങ്ങൾ എല്ലാം തന്നെ വായ്പയും, വിവിധ വകുപ്പുകളിൽ/ഏജൻസികളിൽ നിന്നുള്ള സാമ്പത്തിക സഹായവും ഉൾപ്പെടെയുള്ള സഹായങ്ങൾ

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി സംരംഭകർക്ക് ലഭ്യമാക്കാൻ ഉദ്ദേശിച്ച് കൊണ്ട് നടപ്പിലാക്കിയിട്ടുള്ളവയാണ്. |

സെക്ഷൻ ഓഫീസർ